# മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസ്സോസിയേഷൻ

## പൊതുയോഗവും തെരഞ്ഞെടുപ്പും

ബഹുമാന്യരെ,

സംഘടനയുടെ പുതിയ സംസ്ഥാന ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന തിയ്യതിയിൽ സ്ഥലത്തും സമയത്തും നടത്തുവാൻ നിലവിലുള്ള സംസ്ഥാന സമിതി നിശ്ചയം ചെയ്തിരിക്കുന്നു.

തിയ്യതി : 2022 ജൂൺ 18

സ്ഥലം : കൃഷ്ണ കൺവെൻഷൻ സെന്റർ, ആലപ്പുഴ.

സമയം : വൈകീട്ട് 4:30

സംസ്ഥാന കമ്മിറ്റിയിൽ ആകെ 45 അംഗങ്ങളാണ് ഉണ്ടായിരിക്കുക. സംസ്ഥാന പ്രസിഡണ്ട്, സംസ്ഥാന ജനറൽ സെക്രട്ടറി, സംസ്ഥാന ട്രഷറർ, നാല് വൈസ് പ്രസിഡണ്ടുമാർ, നാല് ജോയിന്റ് സെക്രട്ടറിമാർ, ആറ് കമ്മിറ്റി അംഗങ്ങൾ എന്നിവരെയാണ് തെരഞ്ഞെടുക്കേണ്ടത്, ഇവർക്ക് പുറമെ, എല്ലാ ജില്ലകളുടെയും പ്രസിഡണ്ടുമാരും സെക്രട്ടറിമാരും. അങ്ങിനെ ആകെ 45.

**തെരഞ്ഞെടുപ്പിനുള്ള വോട്ടവകാശം.**

1. അതത് ജില്ലയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന കൗൺസിൽ അംഗങ്ങൾക്ക് മാത്രമേ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള അവകാശമുള്ളു. കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റ് അതാത് ജില്ലയുടെ ഉത്തരവാദിത്വപ്പെട്ടവർ സംസ്ഥാന ജനറൽ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.
2. ഒരംഗത്തിന് ഒരു വോട്ട് മാത്രമേ ഉണ്ടാകുകയുള്ളൂ.
3. ആദരണീയ അംഗത്തിന് (Honorary member) തെരഞ്ഞെടുപ്പിൽ മത്സരിക്കാനോ, വോട്ട്ചെയ്യാനോ അർഹതയുണ്ടായിരിക്കുന്നതല്ല.
4. ഒരു മെമ്പർക്ക് ഒന്നിൽ കൂടുതൽ ലാബുകളുണ്ടെങ്കിൽ വോട്ടിംഗ് അവകാശം, ഉടമസ്ഥൻ അല്ലെങ്കിൽ ഡയറക്ടർ അല്ലെങ്കിൽ ലബോറട്ടറി ഉടമസ്ഥൻ രേഖാമൂലം അധികാരപ്പെടുത്തിയ ഒരു വ്യക്തിക്കായിരിക്കും. (അധികാരപത്രം സമർപ്പിക്കേണ്ടതാണ്.)
5. ഒരു പങ്കാളിത്ത ലബോറട്ടറിയുടെ കാര്യത്തിൽ വോട്ടിംഗ് അവകാശം ഒരു പങ്കാളിക്ക് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.
6. ഒരു ലബോറട്ടറി മാത്രമുള്ളവർക്ക് പ്രോക്സി സമ്പ്രദായം അനുവദനീയമല്ല.
7. വോട്ടിംഗ്വഴി തെരഞ്ഞെടുപ്പ് ആവശ്യമായി വന്നാൽ രഹസ്യബാലറ്റിലൂടെ മാത്രമേ നടത്തുകയുള്ളൂ.
8. വേണ്ടത്ര നാമനിർദ്ദേശങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ ഒഴിവുകളുടെ എണ്ണം സംസ്ഥാന കൗൺസിൽ മീറ്റിംഗിൽ തുറന്ന തിരഞ്ഞെടുപ്പ് വഴി കയ്യുയർത്തിക്കൊണ്ട് നികത്തുന്നതാണ്.
9. സ്ഥാനാർത്ഥികൾക്ക് ലഭിച്ച വോട്ടുകൾ തുല്ല്യമാണെന്ന് കണ്ടെത്തിയാൽ വരണാധികാരി നറുക്കിട്ട് ഫലം പ്രഖ്യാപിക്കുന്നതാണ്.
10. ലഭിച്ച എല്ലാ നാമനിർദ്ദേശപത്രികകളും കൈപ്പറ്റിയതിന്റെ തിയ്യതിയും സമയവും രേഖപ്പെടുത്തുന്ന ഒരു റജിസ്റ്റർ വരണാധികാരി സൂക്ഷിക്കണം.
11. വോട്ടവകാശമുള്ള കൗൺസിൽ മെമ്പർമാർക്ക് സമ്മേളനത്തിൽ നൽകുന്ന പ്രത്യേക ID Card നിർബന്ധമാണ്.
12. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വരണാധികാരിയുടെ തീരുമാനം അന്തിമമായിരിക്കും.

**സംസ്ഥാന ഭാരവാഹി തെരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥികളുടെ യോഗ്യത**

പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവർ

1. എം.എൽ.ഒ.എ യിൽ അഞ്ച് വർഷത്തെ അംഗത്വം പൂർത്തിയാക്കണം.
2. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നാലുവർഷം പൂർത്തിയായിരിക്കണം.
3. ജില്ലയിലും സംസ്ഥാനത്തും ഇരട്ട ഉത്തരവാദിത്തം എടുക്കുന്നത് ഒഴിവാക്കണം.
4. ഒരേ സ്ഥാനത്ത് രണ്ട് തവണയിൽ കൂടുതൽ തുടരരുത്.

**സംഘടനാ തെരഞ്ഞെടുപ്പിനുള്ള ക്രമീകരണങ്ങൾ**

1. മെമ്പർഷിപ്പ് ലിസ്റ്റ് പ്രസിദ്ധീകരണം. (പുതിയതായി സംഘടന നിലവിൽ വന്ന പത്തനംതിട്ട, പാലക്കാട് ജില്ലകൾ ഒഴികെ) 30/05/2022 വൈകീട്ട് 4 മണി.
2. മെമ്പർഷിപ്പ് ലിസ്റ്റിന്മേലുള്ള നിർദ്ദേശങ്ങൾ/പരാതികൾ 31/05/2022 വൈകീട്ട് 6 മണിക്ക് മുൻപ് അറിയിക്കണം.
3. അന്തിമ മെമ്പർഷിപ്പ് ലിസ്റ്റ് പ്രസിദ്ധീകരണം 01/06/2022.
4. തെരഞ്ഞെടുപ്പ് വിജ്ഞാപനം 01/06/2022.
5. ജില്ലാ കമ്മിറ്റിയുടെ അംഗീകാരത്തോടു കൂടിയ നാമനിർദ്ദേശ പത്രികാ സമർപ്പണം 10/06/2022 വൈകീട്ട് 6 മണിവരെ.
6. നാമനിർദ്ദേശപത്രിക സൂക്ഷ്മപരിശോധന 11/06/2022.
7. നാമനിർദ്ദേശപത്രിക പിൻവലിക്കാനുള്ളതിയ്യതിയും സമയവും 12/06/2022 വൈകീട്ട് 6 മണിവരെ.
8. സ്ഥാനാർത്ഥി പട്ടികാ പ്രസിദ്ധീകരണം 13/06/2022 വൈകീട്ട് 6 മണി.
9. നാമനിർദ്ദേശപത്രിക തപാൽ മുഖേനയോ, ഇ-മെയിൽ മുഖേനയോ താഴെപ്പറയുന്ന മേൽവിലാസത്തിലോ, ഇ-മെയിൽ വിലാസത്തിലോ 10/06/2022 വൈകീട്ട് 6 മണിക്ക് മുൻപായി ലഭിച്ചിരിക്കേണ്ടതാണ്. ശ്രീ. കെ.എൻ.യശോധരൻ, 'സംഗീത", ആല, പി.ഒ., ആലപ്പുഴ ജില്ല. 689126, knyperunadu1951@gmail.com
10. തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ യോഗ്യരായ അംഗങ്ങൾക്ക് മാത്രമേ നാമനിർദ്ദേശപത്രിക സമർപ്പിക്കാനും, നിർദ്ദേശിക്കാനും, പിന്താങ്ങുവാനുമുള്ള അവകാശമുള്ളൂ.
11. സ്ഥാനാർത്ഥിയും, നിർദ്ദേശിക്കുന്ന അംഗവും, പിന്താങ്ങുന്ന അംഗവും നാമനിർദ്ദേശപത്രികയിൽ യഥാസ്ഥാനങ്ങളിൽ ഒപ്പിട്ടിരിക്കണം.
12. മത്സരിക്കുന്ന സ്ഥാനം കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.
13. നാമനിർദ്ദേശപത്രികയോടൊപ്പം സത്യവാങ്മൂലം പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്.

സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പ് നടത്തുന്നതിന് ബഹുമാന്യ മെമ്പർമാരുടെ പൂർണ്ണമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസ്സോസിയേഷൻ നിർദ്ദേശപ്രകാരം,

കെ.എൻ.യശോധരൻ
മുഖ്യവരണാധികാരി.
ഫോൺ : 9207778007

കെ.ബി.സുരേഷ്
സഹവരണാധികാരി
ഫോൺ : 9447878444

ജേക്കബ് കോശ
സഹവരണാധികാരി
ഫോൺ : 9400854535

01/06/2022